ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടത്തുരുത്തി നിയോജകമണ്ഡലത്തിൽ നിന്നും 9 പട്ടികവർഗ്ഗക്കാർക്ക് വകുപ്പു വഴി ചികിത്സാ ധനസഹായം ലഭിച്ചിട്ടുണ്ട്. ടി വ്യക്തികളുടെ പേരുവിവരവും അനുവദിച്ച തുകയും ആയതിന്റെ സർക്കാർ ഉത്തരവുകളുടെ പകർപ്പും അനുബന്ധമായി* ചേർക്കുന്നു.

ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകൽ

269 (654) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസികൾക്ക് മുഴുവനും ഭൂമി നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികൾക്ക് മുഴുവനും ഭൂമി നൽകണമെന്ന ലക്ഷ്യത്തിൽ "ആശിക്കും ഭൂമി ആദിവാസി സ്വന്തം" പദ്ധതി പ്രകാരം 2013-14 സാമ്പത്തിക വർഷം മുതൽ ഇതുവരെ 524 പേർക്ക് 184.901 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്. കൂടാതെ ടി.ആർ.ഡി.എം. മുഖേന നാളിതുവരെ 7033 ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 9161.49 ഏക്കർ ഭൂമി വിതരണവും വനാവകാശ നിയമപ്രകാരം നാളിതുവരെ 24898 കുടുംബങ്ങൾക്ക് 350.73 ഏക്കർ ഭൂമിയും, റവന്യൂ വകുപ്പ് 'ഭൂരഹിത കേരളം' പദ്ധതിയിലൂടെ 450 പേർക്ക് 3 സെന്റ് വീതവും കെ.എസ്.ടി ആക്ട് പ്രകാരം 785 കുടുംബങ്ങൾക്ക് 611.61 ഏക്കർ ഭൂമിയും അനുവദിച്ചു നൽകിയിട്ടുണ്ട്. ബാക്കിയുള്ളവർക്കുകൂടി ഭൂമി നൽകുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരികയാണ്.

(ബി) മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

പഞ്ചായത്ത് രാജ് വ്യവസ്ഥകൾ പട്ടികവർഗ്ഗ മേഖലയിലേക്ക് വ്യാപിപ്പിക്കൽ നിയമം

270 (656) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് രാജ് വ്യവസ്ഥകൾ (പട്ടികവർഗ്ഗ മേഖലയിലേക്ക് വ്യാപിപ്പിക്കൽ) നിയമം അഥവാ പെസ (PESA)- നടപ്പിലാക്കുന്നത് സംബന്ധിച്ച്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രസർക്കാരിലേക്ക് റിപ്പോർട്ട് നൽകിയത് എന്നാണ്; പ്രസ്തുത റിപ്പോർട്ടിൽ ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം ആദിവാസി മേഖലകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമം നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നൽകിയ കത്തിന്റെയും റിപ്പോർട്ടിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) പഞ്ചായത്ത് രാജ് വ്യവസ്ഥകൾ (പട്ടികവർഗ്ഗ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കൽ) നിയമം അഥവാ 'പൈസ' നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിലേക്ക് റിപ്പോർട്ട് നൽകിയത് 7-04-2015- ലാണ് പ്രസ്തുത റിപ്പോർട്ടിൽ ഇടുക്കി, കണ്ണൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ 2445 ഊരുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഇവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത നിയമം നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നൽകിയ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു* .

ഭവനരഹിതരായ ആദിവാസികൾ

271 (658) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവനരഹിതരായ ആദിവാസികളുടെ എണ്ണം എത്രയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്; ഐ.ടി.ഡി.പി. പ്രോജക്ട് തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികളിലൂടെ ഓരോ വർഷവും അനുവദിച്ച വീടുകളുടെ എണ്ണവും അതിൽ പണി പൂർത്തിയാക്കിയ വീടുകളുടെ എണ്ണവും ഐ.ടി.ഡി.പി. പ്രോജക്ട് തിരിച്ച് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികളിലൂടെ ഓരോ വർഷവും പണി പൂർത്തിയാക്കിയ സ്പിൽ ഓവർ വീടുകളുടെ വിശദാംശങ്ങൾ ഐ.ടി.ഡി.പി. പ്രോജക്ട് തിരിച്ച് വിശദമാക്കുമോ;

(ഡി) വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly